**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3207 19.06.2018 ലെ മറുപടിയ്ക്ക്

**<u>മുനിസിപ്പൽ കോമൺ സർവ്വീസ്-റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ</u>**

<u>ചോദ്യം</u>

**ശ്രീ. സി മമ്മൂട്ടി**

<u>ഉത്തരം</u>

**ഡോ. കെ.റ്റി. ജലീൽ**
ബഹു. തദ്ദേശ സ്വയംഭരണവും
ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ്
തീർത്ഥാടനവും വകുപ്പ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുനിസിപ്പൽ കോമൺ സർവ്വീസിൽ ആലപ്പുഴ, എറണാകുളം ജില്ലകളിൽ നിന്നും എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ 2018 ഏപ്രിൽ 1 00.05 മണിക്ക് ന് ഇ-മെയിൽ വഴി പി എസ് സിയ്ക്ക റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എത്ര ഒഴിവുകളാണ് ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>4 ഒഴിവുകൾ |
| (ബി) | ഇപ്രകാരം ഇ-മെയിൽ വഴി എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലാർക്ക്/ബിൽകളക്ടർ നിയമനത്തിന്റെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 2018 മാർച്ച് 31 ന് അവസാനിക്കുന്നത് കണക്കിലെടുത്ത് ഒഴിവുകളെല്ലാം പി എസ് സി.ക്ക് റിപ്പോർട്ട് ചെയ്യുക എന്നതിന്റെ അടിസ്ഥാനത്തിൽ 09.03.2018, 19.03.2018, 24.03.2018 തീയതികളിലായി ആലപ്പുഴ ജില്ലയിൽ 5 ഒഴിവുകളും, എറണാകുളം ജില്ലയിൽ 34 ഒഴിവുകളും പി എസ് സിയ്ക്ക റിപ്പോർട്ട് ചെയ്തിരുന്നു. ടി തീയതിക്കുശേഷം 31.03.2018 വരെ ഉണ്ടായിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ആലപ്പുഴ, |

| | | | |
|---|---|---|---|
| | | | കൊച്ചി, മാവേലിക്കര നഗരസഭകളിൽ നിന്നും ഇ-മെയിൽ മുഖാന്തിരം യഥാക്രമം 27.03.2018, 31.03.2018 തീയതികളിലും, എറണാകുളം ജില്ലയിലെ ഒരു ഉദ്യോഗാർത്ഥിയിൽ നിന്നും 31.03.2018 ന് ഇ-മെയിൽ മുഖാന്തിരം ലഭ്യമായ ഒഴിവുവിവരവും 31.03.2018 ന് മുമ്പ് തന്നെ റിപ്പോർട്ട് ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇ-മെയിൽ വഴി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (സി) | ഈ ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും 2018 മാർച്ച് 31 നാണ് ഇ-മെയിൽ വഴി പി.എസ്.സി.യെ അറിയിച്ചത് എന്ന വസ്തുത പരിശോധിക്കുമോ? | (സി) | 2018 മാർച്ച് 31 ന് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന തീയതി വരെ ഉണ്ടായ ഒഴിവുകളിലേക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെ നിയമനം ലഭിക്കുന്ന സാഹചര്യം ഉണ്ടാകുന്നതിനായി 31.03.2018 ന് ഓഫീസ് സമയത്തിന് ശേഷം രാത്രി സമയത്തും ഓഫീസ് പ്രവർത്തിച്ച് അന്നേ ദിവസം നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ട അവസാന ഒഴിവ് വരെ പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി നടപടി സ്വീകരിച്ചപ്പോൾ രാത്രി 12 മണി എന്ന സമയ ക്ലിപ്തത പാലിക്കാതെ പോയിട്ടുണ്ടെങ്കിൽ ആയത് തികച്ചും സാങ്കേതികമായ പിഴവായി മാത്രം കണക്കിലെടുത്ത് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ടി റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെ നിയമനശുപാർശ നടത്തണമെന്ന് പി.എസ്.സി ഓഫീസുകളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**